**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 20** **29-01-2024 - ൽ മറുപടിയ്ക്ക്**

**കേരളീയം 2023 -ന്റെ ലക്ഷ്യപ്രാപ്തി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ എം മുകേഷ് ,<br>ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | അടുത്ത 25 വർഷത്തിനുള്ളിൽ വികസിത രാജ്യങ്ങളുടെ ജീവിത നിലവാരത്തിലേക്ക് കേരളത്തെ എത്തിക്കുക എന്ന ലക്ഷ്യത്തിന് ഊർജ്ജം പകരാൻ കേരളീയം 2023 -ന് കഴിഞ്ഞിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) | സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാരംഗത്തും അടിസ്ഥാന സൗകര്യവികസനത്തിലുമെല്ലാം കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് കേരളീയം എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. അതിൻറെ ആദ്യ പതിപ്പാണ് 2023 നവംബറിൽസംഘടിപ്പിച്ചത്.<br><br>ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിൻറെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങിനെയായിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിൻറെ സാംസ്കാരികവും തൻമയ ഭാവത്തോടും കൂടി അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി കേരളീയം മാറി. നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ കേരളീയത്തിൻറെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ. (ഡോ.) അമർത്യസെൻ ഉൾപ്പെടെയുള്ള പ്രശസ്തർ കേരളിയത്തിൻറെ ഭാഗമായി 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു.കേരളത്തിൻറെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും |

| | | | |
|---|---|---|---|
| | | | 22 പേർ ഓൺലൈനായും 17 പേർ പ്രി റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പ മേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷികവ്യാവസായിക പുരോഗതി, നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിൻറെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായി 40000 ഓളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു.<br><br>നമ്മുടെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽ നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം പരിപാടി സഹായകമാകും. ഓരോ വിഭാഗത്തിലുമുള്ള പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി 20 ഓളം സബ്കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. സ്പോൺസർഷിപ്പ് ഉൾപ്പെടെ പ്രാദേശിക സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് കേരളീയം പരിപാടി സംഘടിപ്പിച്ചത്. |
| (ബി) | നാലാം വ്യാവസായിക വിപ്ലവവും, നിർമ്മിതബുദ്ധിയും, മെഷീൻ ലേണിങ്ങുമെല്ലാം ലോകത്തിന്റെ ചിന്താഘടനയെത്തന്നെ മാറ്റിമറിക്കുന്ന ഈ സാഹചര്യത്തിൽ കേരളം ഒരു വൈജ്ഞാനിക നൂതനത്വ സമൂഹമായി പരിണമിക്കുന്നതിന്റെ സവിശേഷതകൾ കേരളീയത്തിൽ പ്രതിഫലിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ടോ; | (ബി) | സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാരംഗത്തും അടിസ്ഥാന സൗകര്യവികസനത്തിലുമെല്ലാം കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് കേരളീയം എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. അതിൻറെ ആദ്യ പതിപ്പാണ് 2023 നവംബറിൽസംഘടിപ്പിച്ചത്.<br><br>ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിൻറെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങിനെയായിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിൻറെ സാംസ്കാരികവും തൻമയ ഭാവത്തോടും കൂടി |

അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി കേരളീയം മാറി. നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ കേരളീയത്തിൻറെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ. (ഡോ.) അമർത്യസെൻ ഉൾപ്പെടെയുള്ള പ്രശസ്തർ കേരളിയത്തിൻറെ ഭാഗമായി 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു.കേരളത്തിൻറെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രി റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പ മേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷികവ്യാവസായിക പുരോഗതി, നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിൻറെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായി 40000 ഓളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു.

നമ്മുടെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽ നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം പരിപാടി സഹായകമാകും. ഓരോ വിഭാഗത്തിലുമുള്ള പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി 20 ഓളം സബ്കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. സ്പോൺസർഷിപ്പ് ഉൾപ്പെടെ

| | | | |
|---|---|---|---|
| | | | പ്രാദേശിക സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് കേരളീയം പരിപാടി സംഘടിപ്പിച്ചത്. |
| (സി) | കടുത്ത സാമ്പത്തിക പ്രതിസന്ധിയിലും സംസ്ഥാനത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്നതിന് ഉതകുന്ന തരത്തിലും കുറ്റമറ്റ നിലയിലും കേരളീയം-2023 സംഘടിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് അറിയിക്കാമോ; | (സി) | സാമൂഹിക വികാസത്തിലും വ്യാവസായിക മുന്നേറ്റത്തിലും നൂതന സാങ്കേതിക വിദ്യാരംഗത്തും അടിസ്ഥാന സൗകര്യവികസനത്തിലുമെല്ലാം കേരളം കൈവരിച്ച നേട്ടങ്ങൾ ലോകത്തിനു മുമ്പിൽ അവതരിപ്പിക്കുന്നതിനായാണ് കേരളീയം എന്ന സവിശേഷ പരിപാടിക്ക് രൂപം നൽകിയത്. അതിൻറെ ആദ്യ പതിപ്പാണ് 2023 നവംബറിൽസംഘടിപ്പിച്ചത്.<br><br>ലോകം ചർച്ച ചെയ്ത കേരള മാതൃക, സംസ്ഥാനത്തിൻറെ ഭാവി ആവശ്യങ്ങൾ, ഭാവി കേരളം എങ്ങിനെയായിരിക്കണമെന്ന ആലോചനകൾ, കേരളത്തെ അതിൻറെ സാംസ്കാരികവും തൻമയ ഭാവത്തോടും കൂടി അവതരിപ്പിക്കുന്ന വികസന സാംസ്കാരിക മഹോത്സവമായി കേരളീയം മാറി. നാളിതുവരെ കൈവരിച്ച നേട്ടങ്ങൾ, വിവിധ മേഖലകൾ നേരിടുന്ന പ്രശ്നങ്ങൾ, മുന്നോട്ടുള്ള സാധ്യതകൾ എന്നിവ അടിസ്ഥാനപ്പെടുത്തിയുള്ള സംവാദങ്ങൾ കേരളീയത്തിൻറെ ഭാഗമായി സംഘടിപ്പിച്ചു. നൊബേൽ ജേതാവ് പ്രൊഫ. (ഡോ.) അമർത്യസെൻ ഉൾപ്പെടെയുള്ള പ്രശസ്തർ കേരളിയത്തിൻറെ ഭാഗമായി 5 പ്രധാന വേദികളിലായി 25 സെമിനാറുകൾ സംഘടിപ്പിച്ചു.കേരളത്തിൻറെ വിവിധ മേഖലകളിലെ പുരോഗതി ലോകത്തിനു മുന്നിൽ അവതരിപ്പിക്കുന്നതിനൊപ്പം ഭാവി നയരൂപീകരണത്തിന് സഹായകമായ രീതിയിൽ ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ദർ സെമിനാറുകളിൽ പങ്കെടുത്തു. 220 പ്രഭാഷകർ വിഷയാവതരണം നടത്തി. ഇതിൽ 181 പേർ നേരിട്ടും 22 പേർ ഓൺലൈനായും 17 പേർ പ്രി റെക്കോർഡഡ് ആയും പങ്കെടുത്തു. എല്ലാ സെമിനാറുകളിലുമായി 30839പേർ പങ്കെടുത്തു. സെമിനാറുകളിൽ ഉയർന്നുവന്ന ആശയങ്ങളും അഭിപ്രായങ്ങളും നവകേരള നിർമ്മിതിക്കുള്ള മാർഗ്ഗരേഖകളായി മാറും. സെമിനാറുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.<br><br>കേരളത്തിന്റെ തനതുവിഭവങ്ങൾ ഉൾപ്പെടുത്തിയുള്ള ഭക്ഷ്യമേളകൾ, സാംസ്കാരികോത്സവം, പുഷ്പ മേള, ട്രേഡ് ഫെയർ, ചലച്ചിത്രോത്സവം, വൈദ്യുത |

| | | | |
|---|---|---|---|
| | | | ദീപാലങ്കാരം എന്നിവയും സാംസ്കാരിക പൈതൃകം, കാർഷികവ്യാവസായിക പുരോഗതി, നൂതന സാങ്കേതിക വിദ്യാരംഗത്തെ നേട്ടങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രദർശനങ്ങളും ഇതിൻറെ ഭാഗമായിരുന്നു. ഉദ്ഘാടന സമ്മേളനത്തിലും സമാപന സമ്മേളനത്തിലുമായി 40000 ഓളം പേരും 7 ദിവസത്തെ വിവിധ പരിപാടികളിലായി ലക്ഷക്കണക്കിന് ആളുകളും പങ്കെടുത്തു.<br><br>നമ്മുടെ വികസന മാതൃകകൾ ലോകത്തിനു മുമ്പാകെ അവതരിപ്പിക്കുന്നതോടൊപ്പം ലോക വൈജ്ഞാനിക മേഖലയിൽ നിന്ന് പുതിയ ആശയങ്ങൾ സ്വാംശീകരിക്കാനും എല്ലാ വർഷവും കേരളപ്പിറവി ദിനമായ നവംബർ 1 മുതൽ 7 വരെ സംഘടിപ്പിക്കുന്ന കേരളീയം പരിപാടി സഹായകമാകും. ഓരോ വിഭാഗത്തിലുമുള്ള പരിപാടികളുടെ വിജയകരമായ നടത്തിപ്പിനായി 20 ഓളം സബ്കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. സ്പോൺസർഷിപ്പ് ഉൾപ്പെടെ പ്രാദേശിക സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് കേരളീയം പരിപാടി സംഘടിപ്പിച്ചത്. |
| (ഡി) | കേരളീയം ഒരു തുടർ പദ്ധതിയായി വരും വർഷങ്ങളിലും നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ഡി) | ഉണ്ട്. കേരളീയം 2024 നായി ചീഫ് സെക്രട്ടറി ചെയർമാനായി ഉദ്യോഗസ്ഥ തലത്തിൽ ഒരു ഓർഗനൈസിംഗ് കമ്മിറ്റിയും ഇതിനോടകം രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ